# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>പൊതുമരാമത്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ</u>
<u>നവീകരിക്കാൻ പദ്ധതി</u>

3457 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ അടിമുടി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത നവീകരണത്തിനായി പ്രത്യേക നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) പ്രസ്തുത നയം സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>നിർമ്മാണ പ്രവർത്തനങ്ങളിലെ പരാതി പരിഹാരത്തിനായി പ്രത്യേക സെൽ</u>

3458 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബഹനാൻ
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തുവകുപ്പിന് കീഴിലുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം സംബന്ധിച്ച പരാതികളും മറ്റു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ആവശ്യത്തിനായി പ്രത്യേക സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

2012 -13 വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

3459

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -13 വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള വിവരം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള തുകയും അനുബന്ധ വിവരങ്ങളും നൽകുമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

**<u>ദേശീയപാതകൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ</u>**

3460 ശ്രീ. സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതകൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പു നടപടികൾക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) അലൈൻമെന്റുമായി ബന്ധപ്പെട്ട പാകപ്പിഴകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) സ്ഥലമെടുപ്പു സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ദേശീയപാതയുടെ വീതി എത്രയാകണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി

3461 ശ്രീ.എം.എ. വാഹീദ്
,, സണ്ണി ജോസഫ്
,, വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ മതിപ്പുചെലവ് എത്രയാണെന്നറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>ബൈപ്പാസുകളുടെ നിർമ്മാണത്തിന് പദ്ധതി</u>

3462 ശ്രീ. അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളിലെ ഗതാഗതത്തിരക്ക് കണക്കിലെടുത്ത് ബൈപ്പാസുകളുടെ നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ?

**കേരള നിയമസഭ**
**09.04.2013-ലെ മറുപടിക്ക്**

<u>ഗുണമേന്മ</u>

3463 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ആയതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത ശൃംഖലയിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നത്;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>പ്രധാന പാതകളോടു ചേർന്നുള്ള ഭൂമി ഉപയുക്തമാക്കാൻ നടപടി</u>

3464 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പാതകളോടു ചേർന്ന് ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമി ഹോട്ടലുകളടക്കമുള്ള വ്യാപാര സമുച്ചയങ്ങൾക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ മോണിറ്ററിംഗ് സംവിധാനം</u>

3465 ശ്രീ. സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്
'' അൻവർ സാദത്ത്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ മേണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) എന്തെല്ലാം പരിഷ്കാരങ്ങളും മാറ്റങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത മാറ്റങ്ങളും പരിഷ്ക്കാരങ്ങളും വഴി നിർമ്മാണ പ്രവർത്തികൾ എത്രമാത്രം സുതാര്യമാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ</u>

3466

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലയ്ക്ക് എത്ര തുക അനവദിച്ചിട്ടുണ്ട്;

(ഡി) എത്ര റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ടൂറിസ്റ്റ് ഹൈവേ ആരംഭിക്കുന്നതിന് നടപടി

3467 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റ് ഹൈവേ ആരംഭിക്കുന്നതിനായുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിറിപ്പോർട്ടിൽ പരിസ്ഥിതി ആഘാതപഠനവും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ആർ.ഐ.ഡി.എഫ് മുഖേനയുള്ള പ്രവൃത്തികൾ</u>

3468 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 2012-13 ൽ എത്ര കോടി രൂപയുടെ മരാമത്ത് വകുപ്പ് വക പദ്ധതികൾ നബാർഡിന് സമർപ്പിച്ചുവെന്നുള്ളതിന്റെ വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിശദ വിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതികളിൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

പബ്ലിക് ടോയ്‌ലറ്റ് കമ്പനി രൂപീകരിക്കാൻ നടപടി

3469 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് ടോയ്‌ലറ്റ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏത് മാതൃകയിലാണ് പ്രസ്തുത കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>റസ്റ്റ് ഹൗസുകളുടെ നവീകരണം</u>

3470 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

കെ.എസ്.ടി.പി യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

3471 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, പി. റ്റി. എ. റഹിം
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്.ടി. പി. യുടെ രണ്ടാംഘട്ടപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുളളത്;

(സി) കെ. എസ്. ടി. പി യിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണ് വർദ്ധനവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം</u>

3472 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ആസ്തിവികസന ഫണ്ടുവിനിയോഗവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. പ്രത്യേകമായി എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പാലങ്ങളിലെ ടോൾ പിരിവ്</u>

3473 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ടോൾ പിരിവ് നടത്തുന്ന എത്ര പാലങ്ങളുണ്ട്; പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപ ലഭിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) കാലാവധി കഴിഞ്ഞ ടോൾ കേന്ദ്രങ്ങളിൽ ഇപ്പോഴും ടോൾ പിരിവുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(സി) പ്രസ്തുത രീതിയിൽ എത്ര ടോൾ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ടോൾ കേന്ദ്രങ്ങളുടെ വിശദവിവരം നൽകുമോ;

(ഡി) ടോൾ പിരിവ് നടത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>പി. ഡബ്ല്യു. ഡി. ഓഫീസുകളുടെ പുനഃസംഘടന</u>

3474 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി. സെക്ഷൻ ഓഫീസുകൾ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>റോഡു നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം</u>

3475

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന ടാർ അടക്കമുള്ള നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മ മൂലം പൊതുമരാമത്ത് റോഡുകളുടെ കാലദൈർഘ്യം കുറയുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) ഈ സർക്കാർ ചേർത്തല മണ്ഡലത്തിൽ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക വീതം ചെലവഴിച്ചുവെന്നുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഹിൽഹൈവേയുടെ നിർമ്മാണം</u>

3476 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹിൽ ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത അലൈൻമെന്റിൽപ്പെട്ട ഏതെങ്കിലും കണക്ഷൻ റോഡുകൾക്കോ, പാലങ്ങൾക്കോ ഇതുവരെ ഏന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത അലൈൻമെന്റിൽപ്പെട്ട അത്താനടിയിൽ പാലം നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പടന്ന മൂസഹാജിമുക്ക് - തോടുകരപാലം നിർമ്മാണം</u>

3477 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയമസഭാ മണ്ഡലത്തിലെ പടന്ന മൂസ ഹാജിമുക്ക് - തോട്ടുകരപാലം പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തി തുക അനുവദിച്ച പ്രസ്തുത പാലം പണി വൈകാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>വലിയപറമ്പ് ദ്വീപ് പഞ്ചായത്തിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി</u>

3478 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകൾ തീരെയില്ലാത്ത വലിയപറമ്പ് ദ്വീപ് പഞ്ചായത്തിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ദ്വീപിലേക്ക് പ്രവേശിക്കുന്നതിനായി നിർമ്മാണം ആരംഭിച്ച വെള്ളാപ്പ് പാലം പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ഇരിണാവ് പാലത്തിന്റെ നിർമ്മാണം</u>

3479 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഇരിണാവ് പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>മാട്ടൂൽ - മടക്കര പാലത്തിന്റെ നിർമ്മാണം</u>

3480 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാട്ടൂൽ - മടക്കര പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കൂളിക്കടവ് പാലം നിർമ്മാണം</u>

3481 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൂളിക്കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതെപ്പോഴെന്നറിയിക്കാമോ;

(ബി) എന്തു തുകയുടെ എസ്റ്റിമേറ്റിനാണു ഭരണാനുമതി ലഭിച്ചത്;

(സി) കൂളിക്കടവ് പാലം നിർമ്മാണത്തിന്റെ ഫയൽ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൂളിക്കടവ് പാലം നിർമ്മാണം എപ്പോൾ ടെണ്ടർ ചെയ്യുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>അരേങ്ങാട് പാലം നിർമ്മാണം</u>

3482 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അരേങ്ങാട് പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്നറിയക്കുമോ;

(ബി) എന്തു തുകയുടെ എസ്റ്റിമേറ്റിനാണു ഭരണാനുമതി ലഭിച്ചിട്ടുള്ളത്;

(സി) അരേങ്ങാട് പാലം നിർമ്മാണം എപ്പോൾ ടെണ്ടർ ചെയ്യാൻ കഴിയുമെന്നും ആയതിന്റെ ഫയൽ നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ</u>

3483 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പൊതു മരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്ക് എന്തു തുക വീതം നീക്കിവെച്ചിരുന്നെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഒരോ പ്രവൃത്തിക്കും ഇതുവരെ എന്തു തുക ചെലവഴിച്ചെന്നും ഏതെല്ലാം പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഇനി എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും ആയവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

വെസ്റ്റ് നല്ലൂർ റെയിൽവേ- ഫ്ളൈ ഓവർ നിർമ്മാണം

3484 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് പഞ്ചായത്തിലെ വെസ്റ്റ് നല്ലൂർ റെയിൽവേ-ഫ്ളൈ ഓവർ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി റെയിൽവേക്ക് നൽകേണ്ട തുക നൽകിയിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ പുരോഗതി</u>

3485 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പൊതുമരാമത്ത് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയിലും ഭരണാനുമതി നൽകിയ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കഴുക്കലോടി പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

3486 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കഴുക്കലോടി പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എപ്പോഴാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>'ജിഡ' ഫണ്ടുപയോഗിച്ചുള്ള ശുദ്ധജലവിതരണം</u>

3487 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ ശുദ്ധജലവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നോർത്ത് പറവൂർ പമ്പ് ഹൗസിൽ നിന്ന് ചെറായി ജംഗ്ഷൻ വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് പൊളിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പി.ഡബ്ല്യു.ഡി. യുടെ അനുമതി ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി രേഖാമൂലം അപേക്ഷ നൽകിയിരുന്നോ; പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ പാലങ്ങളുടെ നവീകരണം</u>

3488 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന പാലങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കി ഗതാഗതസജ്ജമാക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ഏതൊക്കെ കരാറുകാർക്ക് എത്ര തവണ സമയം ദീർഘിപ്പിച്ചു നൽകിയെന്നും ആയതിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>വൈക്കം മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ</u>

3489 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ റോഡുകളുടെ പുനർനിർമ്മാണത്തിനായി കഴിഞ്ഞ ഒരു വർഷത്തിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് റോഡുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) നിലവിൽ പൂർത്തിയാക്കാത്ത റോഡുകളുടെ നിർമ്മാണ പ്രവർത്തികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

**ഉപയോഗിക്കാത്ത റോഡ് റോളറുകളുടെ ഡ്രൈവർമാരെ മറ്റ് വാഹനങ്ങൾക്കായി നിയോഗിക്കാൻ നടപടി**

3490 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകളിലായി എത്ര റോഡ് റോളറുകളാണ് ഉള്ളതെന്നും അതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര റോഡ് റോളറുകൾക്കാണ് ഡ്രൈവർമാർ നിലവിലുള്ളതെന്നും ആയതിൽ ഓരോരുത്തരും കഴിഞ്ഞ ഒരു വർഷം (2012-13) എത്ര ദിവസം ജോലി ചെയ്തുവെന്നും അറിയിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് റോളറുകൾ സ്വകാര്യകോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ടോ എന്നും എങ്കിൽ കഴിഞ്ഞ ഒരു വർഷം (2012-13) എത്ര തവണ പ്രസ്തുത രീതിയിൽ നൽകിയിട്ടുണ്ട് എന്നും അറിയിക്കുമോ;

(ഡി) നിലവിൽ ഉപയോഗിക്കാത്ത റോഡ് റോളറുകളുടെ ഡ്രൈവർമാരെ മറ്റ് വാഹനങ്ങൾക്കായി നിയോഗിക്കാറുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ</u>

3491 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–2014 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്തു വകുപ്പു വഴി ഏതെല്ലാം പ്രവൃത്തികൾക്കായി എന്തു തുക വീതം വൈക്കം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളിൽ മുൻവർഷങ്ങളിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) 2013–2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി പൊതുമരാമത്ത് വഴി സമർപ്പിച്ച വിവിധ പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>ബൈപാസിന്റെ വികസന പദ്ധതി</u>

3492 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുംതുരുത്തി – പായിപ്പാട് – തെങ്ങണ – മണർകാട് – ഏറ്റുമാനൂർ ബൈപാസിന്റെ വികസന പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠന റിപ്പോർട്ട് നൽകുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത വികസന പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നറിയിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

3493

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാം എന്നറിയിക്കുമോ;

(സി) നബാർഡ് ഫണ്ടിനായി ആലപ്പുഴ ജില്ലയിൽ നിന്ന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ അംഗീകാരം ലഭിച്ചവ ഏതെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>

3494 ശ്രീ. വി. ശിവൻകുട്ടി
,, എസ്. രാജേന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (സി. ആർ. ഐ. പി) പ്രകാരമുള്ള തലസ്ഥാന നഗരിയിലെ റോഡ് വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ആയതിൽ എത്രമാത്രം പണികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ വേറെ ഏതെങ്കിലും നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതികളുടെ മേൽനോട്ട ചുമതല ആർക്കായിരിക്കുമെന്നറിയിക്കുമോ;

(ഡി) തലസ്ഥാന നഗരിയിലെ പണികളിൽ ഉണ്ടായിട്ടുള്ള മാന്ദ്യത പുതിയ പ്രദേശങ്ങളിൽ ഉണ്ടാകാതിരിക്കാൻ മുൻകരുതൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

നേമം നിയോജകമണ്ഡലത്തിൽ നിർമ്മാണമാരംഭിക്കുന്ന പാലങ്ങൾ

3495 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പ് 2013–2014 സാമ്പത്തിക വർഷം നിർമ്മാണമാരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

വെഞ്ഞാറമൂട് ടൗണിലെ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് നടപടി

3496 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയിൽ വെഞ്ഞാറമൂട് ടൗണിലെ ഗുരുതരമായ ഗതാഗതതടസ്സം മരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ</u>

3497 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങളിൽ ഏതെല്ലാം തരത്തിലുള്ള പണികളാണ് അവശേഷിക്കുന്നതെന്നും ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കുമോ;

(സി) സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടനത്തിന് തീയതി തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

3498 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 സാമ്പത്തിക വർഷത്തിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് എന്നിവ തിരിച്ച് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 31.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.